**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 919** **30-06-2022 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിൽ സാമൂഹ്യവനവത്കരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ നിയോജക മണ്ഡലത്തിൽ സാമൂഹ്യവനവത്കരണ പദ്ധതി എത്ര വിസ്തൃതിയിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | സാമൂഹ്യവനവൽക്കരണ പദ്ധതി പ്രകാരം പഞ്ചായത്തുകൾക്കും മറ്റ് പൊതു സ്ഥാപനങ്ങൾക്കും സൗജന്യമായി തൈകൾ വിതരണം ചെയ്ത് വരാറുണ്ട്. ഈ വർഷം മുതൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം പഞ്ചായത്തുകളാണ് തൈകൾ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നത്. 2019 മുതൽ ഇതുവരെ സാമൂഹിക വനവൽ ക്കരണ പദ്ധതി പ്രകാരം 52,655 വൃക്ഷത്തൈകൾ ടി മണ്ഡലത്തിലെ വിവിധ സ്ഥാപനങ്ങൾക്കും സ്കൂൾ,കോളേജുകൾക്കും നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി ഏതൊക്കെ പ്രദേശങ്ങളിലാണ് നടപ്പിലാക്കിയതെന്ന് അറിയിക്കാമോ ; | (ബി) | കണ്ണൂർ സോഷ്യൽ ഫോറസ്ട്രി റെയിഞ്ചിൽപ്പെട്ട ഇരിക്കൂർ ബ്ലോക്കിൽ , പഞ്ചായത്ത് നഴ്സറികൾക്ക് ആവശ്യമായ വിത്തുകളും സാങ്കേതിക സഹായവും ഈ വർഷം നൽകിയിട്ടുണ്ട്. ടി ബ്ലോക്കിൽ ഉൾപ്പെടുന്ന താഴെപ്പറയുന്ന പഞ്ചായത്തുകളിൽ മഹാത്മാഗാന്ധി ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നഴ്സറികൾ എടുത്ത് താഴെ കൊടുത്തിട്ടുള്ള പ്രകാരം തൈകൾ പ്ലാന്റ് ചെയ്തുവരുന്നു.<br><br>മലപ്പട്ടം ഗ്രാമപഞ്ചായത്ത് -2282 തൈകൾ.<br><br>കല്യാട് ഗ്രാമപഞ്ചായത്ത് -11,550 തൈകൾ.<br><br>പയ്യാവൂർ ഗ്രാമപഞ്ചായത്ത് -2,345 തൈകൾ.<br><br>എരുവേശ്ശി ഗ്രാമപഞ്ചായത്ത് -1,069 തൈകൾ.<br><br>കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് - 1,201 തൈകൾ. |

| | | | |
|---|---|---|---|
| | | | മയ്യിൽ ഗ്രാമപഞ്ചായത്ത് -1,797<br>തൈകൾ |
| (സി) | പ്രസ്തുത പദ്ധതിയിൽ ഈ മണ്ഡലത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്ന പ്രദേശങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ ? | (സി) | മേൽ പ്രസ്താവിച്ച സ്ഥലങ്ങളിലാണ് ഇപ്പോൾ പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതിയിൽ കൂടുതൽ സ്ഥലങ്ങൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങ ളാണ് തീരുമാനം എടുക്കേണ്ടത്. |

സെക്ഷൻ ഓഫീസർ